# ഈരാറ്റുപേട്ട
# ബ്ലോക്ക് പഞ്ചായത്ത്

# 2026-27 വർഷത്തെ
# ബജറ്റ്


ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് കാര്യാലയം
(ഒരു ISO 9001:2015 സ്ഥാപനം)
അരുവിത്തുറ.പി.ഒ 686122,
ഫോൺ 04822 272356
ജി-മെയിൽ : bdoetpa@gmail.com

**ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത്**
**ബജറ്റ്–2026–27**



**ജോയി സ്കറിയ**
പ്രസിഡന്റ്

# ആമുഖം

നമ്മുടെ രാജ്യത്തിന് ആകെ മാതൃകയായി മാറിയ കേരളം ആവിഷക്കരിച്ച വികേന്ദ്രീകൃത ആസൂത്രണം അടിസ്ഥാനമാക്കിയുള്ള 2026 – 27 വർഷത്തേയ്ക്കുള്ള ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ തികഞ്ഞ ചാരിതാർത്ഥ്യത്തോടെ നിങ്ങളുടെ മുൻപാകെ സമർപ്പിക്കുകയാണ്.

ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തുള്ള മുഴുവൻ ജനങ്ങളുടേയും സമഗ്രമായ പുരോഗതിയാണ് നമ്മുടെ ലക്ഷ്യം. ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം അടിസ്ഥാന വികസനം, കാർഷിക മേഖല, മൃഗസംരക്ഷണം ക്ഷീരമേഖല, പട്ടികജാതി പട്ടിക വർഗ്ഗമേഖല, സ്ത്രീകൾക്കും കുട്ടികൾക്കും വയോജനങ്ങൾ, യുവജനങ്ങൾ, ഭിന്നശേഷിക്കാർ, ദേശീയഗ്രാമീണ തൊഴിലുറപ്പ് തുടങ്ങി എല്ലാ വിഭാഗങ്ങളുടേയും ഉന്നമനം ലക്ഷ്യമാക്കിയാണ് ബജറ്റ് നിർദ്ദേശങ്ങൾ ആവിഷക്കരിച്ചിട്ടുള്ളത്.

ഭൂമിശാസ്ത്രപരമായി ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായിട്ടുള്ള ടൂറിസം മേഖലകളും വാഗമൺ, ഇലവീഴാപൂഞ്ചിറ, ഇല്ലിക്കക്കല്ല്, മാർമല അരുവി തുടങ്ങയ പ്രദേശങ്ങളുടെ ടൂറിസം സാദ്ധ്യതകൾപ്രയോജനപ്പെടുത്തിയും യുവജന ങ്ങൾക്ക് ആവശ്യമായ കായികവിനോദങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും കാർഷികമേഖല ഉൾപ്പെടെയുള്ള ഉത്പാദന മേഖല ശ്കതിപ്പെടുത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ടുമാണ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. ഈ ബജറ്റ് നിർദ്ദേശങ്ങൾ ലക്ഷ്യ പ്രാപ്തിയിലെത്തിക്കുവാൻ എല്ലാവരുടേയും സഹായ സഹകര ണങ്ങൾ അഭ്യർത്ഥിക്കുന്നു.

സ്നേഹാദരങ്ങളോടെ

**ജോയി സ്കറിയ**
പ്രസിഡന്റ്
ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത്

# ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത്
## 2026-27 ബജറ്റ് അവതരണം



**മേഴ്സി മാത്യൂ**
വൈസ് പ്രസിഡന്റ് &
ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ
ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത്

ബഹുമാന്യനായ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ബഹുമാന്യരായ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, നിർവ്വഹണ ഉദ്യോഗസ്ഥർ, ബ്ലോക്ക് പഞ്ചായത്തിനെയും വിവിധ വകുപ്പുകളേയും പ്രതിനിധീകരിച്ച് സന്നിഹിതരായിരിക്കുന്ന ഉദ്യോഗസ്ഥരേ, മറ്റ് ബഹുമാന്യ വ്യക്തികളെ...

2025 ഡിസംബർ 21 - ാം തീയതി നിലവിൽ വന്ന ഈ ബ്ലോക്ക്പഞ്ചായത്ത് ഭരണസമിതിയുടെ 2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് തികഞ്ഞ ചാരിതാർത്ഥ്യത്തോടെ ഞാൻ നിങ്ങൾക്ക് മുമ്പാകെ അവതരിപ്പിക്കുകയാണ്.

കേരള പഞ്ചായത്ത് രാജ് നിയമം ചട്ടം 214 അനുശാസിക്കുന്ന പ്രകാരവും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾക്കനുസൃതമായി തയ്യാറാക്കിയിട്ടുള്ള ഈ ബഡ്ജറ്റിൽ 17-ാം വകുപ്പ്പ്രകാരം അനുവദിക്കപ്പെടുന്നതുൾപ്പെടെ വിവിധ വികസനപദ്ധതികൾക്കായി ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായിട്ടുള്ളതും 2026-27 വർഷത്തിൽ പ്രതീക്ഷിക്കുന്നതുമായ വരവുകളുടെയും തദനുസൃതമായ ചെലവുകളുടേയും വിശദാംശങ്ങൾ ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

നടപ്പ് വർഷവും നൂറ് ശതമാനം പദ്ധതി നിർവ്വഹണം എന്ന ലക്ഷ്യത്തോടെയാണ് ബ്ലോക്ക് പഞ്ചായത്ത് മുന്നേറുന്നത്. ബ്ലോക്ക് പഞ്ചായത്തിന്റെ കഴിഞ്ഞ കാലയളവിലെ പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ അഭിമാനകരമായ നേട്ടങ്ങൾ എടുത്തുപറയേണ്ടതായിട്ടുണ്ട്. കേന്ദ്രാവിഷ്കൃതപദ്ധതികളും ജനകീയാസൂത്രണ പദ്ധതികളും കുറ്റമറ്റരീതിയിലും മാതൃകാപരമായും നടപ്പാക്കുവാൻ ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. ഓഫീസ് സംവിധാനം സുസജ്ജമാക്കി പൊതു ജനങ്ങൾക്ക് കൂടുതൽ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. സംസ്ഥാനത്തെ തന്നെ മികച്ച ഏജൻസിക്കുള്ള ISO9001:2015 സാക്ഷ്യപത്രം ലഭിച്ച ഈ ഓഫീസ് ഈ അംഗീകാരം നിലനിർത്തുന്നതിൽ ഏറെ കരുതലോടെയാണ് മുന്നോട്ട് പോകുന്നത്. ഗുണഭോക്താക്കൾക്ക് നൽകേണ്ട സേവനങ്ങൾ പരാതിരഹിതമായും സമയബന്ധിതമായും നിർവഹിക്കുവാൻ സാധിക്കുന്നത്, ഈ സ്ഥാപനത്തിലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും കൂട്ടായ്മ ഒന്നുകൊണ്ടുമാത്രമാണെന്ന് നിസ്സംശയം പറയാവുന്നതാണ്. ഇനി നമുക്ക് ഈ ബഡ്ജറ്റിന്റെ കാതലായ വകയിരുത്തലുകൾ പരിശോധിക്കാം.

## ബ്ലോക്ക് പഞ്ചായത്ത് പദ്ധതി വിഹിതം

ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന് 2026-27 സാമ്പത്തികവർഷം സംസ്ഥാന ബഡജറ്റ് പ്രകാരം ജനറൽ വിഭാഗത്തിൽ 3,38,20,000/- രൂപയും പട്ടികജാതി പ്രത്യേക ഘടകപദ്ധതിയിൽ 49,12,000/- രൂപയും പട്ടികവർഗ്ഗ ഘടകപദ്ധതിയിൽ 39,89,000/- രൂപയും ഉൾപ്പെടെ ആകെ 4,42,21,000/- രൂപയാണ് പദ്ധതി വിഹിതമായി അനുവദിച്ചിരിക്കുന്നത്. ഇത് കൂടാതെ മെയിന്റനൻസ് ഗ്രാൻറ് (റോഡ് ഇതരം) ഇനത്തിൽ 43,64,000/- രൂപയും ജനറൽ പർപ്പസ് ഫണ്ടായി 95,06,000/- രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ 93,53,000/- രൂപ ധനകാര്യകമ്മീഷൻ വിഹിതമായും നടപ്പ് സാമ്പത്തികവർത്തിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പദ്ധതി ആസൂത്രണമാർഗ്ഗരേഖയുടെ പരിധിയിൽ നിന്നുകൊണ്ട് സുസ്ഥിരമായ പ്രാദേശികവികസനവും സാമൂഹ്യ നീതിയും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തി ലൂന്നിയാണ് നമ്മുടെ ബഡ്ജറ്റ് തയ്യാറാക്കിയിരിക്കുന്നത്. വീട് നിർമ്മാണം, സ്ത്രീ ശാക്തീകരണം, ഭിന്നശേഷിക്കാരുടെയും കുട്ടികളുടെയും ക്ഷേമം, സ്വയംസംരംഭങ്ങൾ, പാലിയേറ്റീവ് കെയർ എന്നീ മേഖലകൾക്ക് അർഹമായ പരിഗണന നൽകി യിട്ടുണ്ട്. കഴിഞ്ഞ കാലങ്ങളിലെന്ന പോലെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥി കൾക്ക് ധനസഹായം നൽകുന്ന പദ്ധതികളും ഏറ്റെടുത്തിട്ടുണ്ട്. പാലിയേറ്റീവ് കെയർ മേഖലയിൽ ഗ്രാമപഞ്ചായത്തുകൾക്ക് തുക നൽകുന്നതിന് പുറമെ സെക്കണ്ടറി പാലിയേറ്റീവ് ഇനത്തിലും തുക വകയിരുത്തിയിട്ടുണ്ട്.

2026-27 വർഷത്തെ പ്രതീക്ഷിത വരവ് ചെലവ് കണക്കുകൾ അതാത് ഹെഡ്

ഓഫ് അക്കൗണ്ടുകളിലായി ചേർത്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് 2026-27 വർഷത്തിൽ നടപ്പാക്കുന്ന പദ്ധതികളുടെ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു.

2026-27 വർഷത്തെ പദ്ധതിയിൽ, ആസൂത്രണ മാർഗരേഖകൾക്ക് വിധേയമായി പാർപ്പിട മേഖലയ്ക്കായി പൊതുവിഭാഗം, പട്ടികജാതി വിഭാഗം, പട്ടികവർഗ്ഗ വിഭാഗം എന്നിവക്കായി ആകെ തുകയിൽ നിന്നും 32% മാറ്റിവച്ചിട്ടുണ്ട്. ഇത്തരത്തിൽ ലഭ്യമാകുന്ന 1,36,32,000/- രൂപ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ എട്ട് ഗ്രാമപഞ്ചായത്തുകളിലെ പി.എം.എ.വൈ (ജി) വീടുകൾക്ക് ധനസഹായമായി നൽകുന്നതാണ്. കൂടാതെ ആകെ തുകയുടെ 10% വനിതകൾക്കും 10% ശുചിത്വം മാലിന്യ സംസ്കരണത്തിനും 5% ഭിന്നശേഷിക്കാർ/കുട്ടികൾ, 5% പാലിയേറ്റിവ് വയോജനങ്ങൾ എന്നിവർക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന പദ്ധതികൾക്കും ചെലവഴിക്കുന്നതാണ്. നിർബന്ധിത പ്രോജക്ടുകളുടെ തുക കുറവു ചെയ്തശേഷം പൊതുവിഭാഗം, പട്ടികജാതി വിഭാഗം, പട്ടികവർഗ്ഗ വിഭാഗം എന്നിവയിൽ പശ്ചാത്തല മേഖലയ്ക്ക് നിശ്ചിത അനുപാതത്തിൽ കൂടാതെയും ബാക്കി തുക ഉല്പാദന സേവന മേഖലകളിലായും ഉൾപ്പെടുത്തിയുള്ള ചെലവിനങ്ങൾ ബഡ്ജറ്റ് വർഷം ലക്ഷ്യമിടുന്നു.

ഉല്പാദന മേഖലയിൽ പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമിട്ട് സ്വയംസഹായ സംഘങ്ങൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ധനസഹായമായി 32 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. കാർഷികമേഖലയിൽ ക്ഷീര കർഷകർക്ക് പാലുൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രോൽസാഹനമായി പാലിന് സബ്സീഡി നൽകുന്നതിനായും കാലിത്തീറ്റ സബ്സിഡിയായും ആകെ 21,16,500/- രൂപയും തീറ്റപ്പുൽ കൃഷി വികസനത്തിനായി 2 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. പച്ചക്കറി കൃഷി പരിപോഷിപ്പിക്കുന്നതിനായി ഗ്രൂപ്പുകൾക്ക് പച്ചക്കറി തൈ വിതരണം നടത്തുന്നതിനായി 2 ലക്ഷം രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. മിനി ഡയറിഫാം ആധുനികവൽക്കരിക്കുന്നതിനായി 8 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

സേവനമേഖലയിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 15,00,000/- രൂപയുടെ പദ്ധതി ഉൾപ്പെടുത്തിയിരിക്കുന്നു. പാലിയേറ്റീവ് കെയർ മേഖലയിൽ ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകുന്ന തിനായി 10 ലക്ഷം രൂപ സാമൂഹിക ആരോഗ്യകേന്ദ്രം മുഖേന നേരിട്ട് പാലിയേ റ്റീവ് പരിചരണം നൽകുന്ന തിന് 10,00,000/- രൂപ എന്നിങ്ങനെ വകയിരുത്തിയി രിക്കുന്നു. ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗുരുതര കിഡ്നി രോഗ ബാധിതർ, ക്യാൻസർ രോഗികൾ എന്നിവർക്ക് മരുന്നും മെഡിക്കൽ ഉപകരണങ്ങളും അനുബന്ധ സാമഗ്രികളും വാങ്ങി നൽകുന്നതിന് 10,03,200/- രൂപയുടെ പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ഐ.കെ.എം ന് വിഹിതം നൽകുന്നതി നായി 50,000/- രൂപ വകയിരുത്തിയിട്ടുണ്ട്.കുട്ടികൾക്കിടയിലെ ലഹരി വരുദ്ധ പ്രവർത്തനങ്ങൾ

നടത്തുന്നതിനായി 1 ലക്ഷം രൂപയുടെ പദ്ധതി, സ്റ്റുഡൻറ്സ് കേഡറ്റ് പദ്ധതിക്കായി 50000/- രൂപയും ദുരന്തനിവാരണ ബോധവത്ക്കരണ പ്രോജക്ടായി 1 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് 32 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കുടിവെള്ള പദ്ധതിക്ക് 6 ലക്ഷം രൂപയുടെ പദ്ധതി ഏറ്റെടു ത്തിട്ടുണ്ട്.

മേഖലാ വിഭജനത്തിന്റെ പരിമിതിയിൽ നിന്നുകൊണ്ടും പശ്ചാത്തല മേഖലയിൽ ഗ്രാമീണ റോഡുകളുടെ കോൺക്രീറ്റിംഗിനും പുനർനിർമ്മാണ ത്തിനുമായി 63.64 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2026 - 27 വർഷത്തിൽ ലഭിക്കുന്ന മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) 43,64,000/- രൂപ ബ്ലോക്ക് പഞ്ചായത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും അടിസ്ഥാന സൗകര്യ ത്തിനുതകുന്ന പദ്ധതികൾക്കായി വകയിരിത്തിയിരിക്കുന്നു. ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് ഐ.എസ്.ഒ. നിലവാരത്തിൽ നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങളും ഇടമറുക് സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ മരുന്ന് വാങ്ങുന്ന തിനുള്ള പദ്ധതിയും ഇതിൽ ഉൾപ്പെടുന്നു. കൂടാതെ ഘടകസ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾക്കായി തുക വകയിരുത്തിയിട്ടുണ്ട്.

## MPLAD – MLA SDF പദ്ധതി

2026-27 സാമ്പത്തികവർഷം കേന്ദ്ര സംസ്ഥാനസർക്കാർ വിഹിതമായി ജില്ലാകളക്ടറുടെ അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുന്ന എം.പി. ഫണ്ട്/ എം.എൽ.എ ഫണ്ട്, വെള്ളപ്പൊക്ക ദുരിതാശ്വസ ഫണ്ട് എന്നീ ഇനങ്ങളിൽ ആകെ 5 കോടി രൂപയുടെ വരവും അത്രയും തുകയുടെ തന്നെ ചെലവും പ്രതീക്ഷിക്കുന്നു.

## ടൂറിസം

ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ടൂറിസ്റ്റ് കേന്ദ്രങ്ങളായ വാഗമൺ, കുരിശുമല, ഇല്ലിക്കകല്ല്, അയ്യംപാറ, മാർമ്മല അരുവി, ഇലവീഴാപൂഞ്ചിറ, നാട്കാണി, മുതുകോരമല, അരുവിക്കച്ചാല്, പുല്ലപ്പാറ (കുറ്റില്ലപ്പാറ), ഇരുകണ്ണി വെള്ളച്ചാട്ടം, പെരുവഞ്ചന വെള്ളച്ചാട്ടം, വേങ്ങത്താനം അരുവി, പൂഞ്ഞാർ പാലസ് തുടങ്ങിയ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം നടപ്പിലാക്കുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്

## ജനറൽ പർപ്പസ് ഫണ്ട്

ബ്ലോക്ക് പഞ്ചായത്തിന്റെയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെയും ദൈനംദിന പ്രവർത്തനങ്ങൾക്കുവേണ്ടി സർക്കാർ അനുവദിച്ചിട്ടുള്ളതാണ് ജനറൽ പർപ്പസ് ഫണ്ട്. ബ്ലോക്ക് പഞ്ചായത്ത് ആഫീസിന്റെ വാടക, കറന്റ് ചാർജ്, ടെലിഫോൺ ചാർജ്, സ്റ്റേഷനറി, ഡീസൽ ചാർജ്, മറ്റ് ആഫീസ് ചിലവുകൾ, ആഫീസ് വാഹനങ്ങളുടെ മെയിന്റനൻസ്, ഇൻഷുറൻസ്, തുടങ്ങിയവയ്ക്കും ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളുടെ ഹോണറേറിയം, സിറ്റിംഗ് ഫീസ്, യാത്രപ്പടി,

ലഘുഭക്ഷണം, മറ്റ് അത്യാവശ്യ ചെലവുകൾ എന്നിവയും സർക്കാരിന്റെയും ബ്ലോക്ക് പഞ്ചായത്തി ന്റെയും നിർദ്ദേശാനുസരണം കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് വിധേയമായി ചെലവഴിക്കാൻ സാധിക്കുന്ന മറ്റിനം ചെലവുകൾക്കും ഈ തുക വിനിയോഗിക്കാവുന്നതാണ്. 2026-27 ലേയ്ക്ക് ജനറൽ പർപ്പസ് ഫണ്ടിൽ 95,06,000/- രൂപയാണ് അലോക്കേഷൻ.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (എം.ജി.എൻ.ആർ.ഇ.ജി.എസ്)

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പുവർഷം ഈരാറ്റുപേട്ട ബ്ലോക്കിൽ മികച്ച നിലയിൽ നടപ്പാക്കിവരുന്നു. ഗ്രാമ പ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബത്തിലെ പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തികവർഷം 100 ദിവസത്തെ തൊഴിലും, എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർക്ക് 200 ദിവസത്തെ തൊഴിലും ഉറപ്പ് നൽകുന്ന ഈ പദ്ധതിയിൽ ബ്ലോക്ക് പ്രദേശത്തെ 245402 തൊഴിൽ ദിനങ്ങൾ 202627 സാമ്പത്തിക വർഷം സൃഷ്ടിക്കുകയും വേതനവിഹിതമായി 15 കോടി 09 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ 4 കോടി 5 ലക്ഷം രൂപ ഉപയോഗിച്ച് ആട്ടിൻതൊഴുത്ത്, കാലിത്തൊഴുത്ത്, റോഡുകളുടെ പുനരുദ്ധാരണം എന്നിവ നടപ്പിലാക്കുന്നതാണ്. ഈ പദ്ധതി നമ്മുടെ ഗ്രാമീണ സമ്പദ് വ്യവസ്ഥയുടെ മുഖച്ഛായ തന്നെ മാറ്റിയെടുക്കുന്നതിൽ നിർണ്ണായകമായ പങ്കാണ് വഹിക്കുന്നത്. പുതിയ തൊഴിൽ സംസ്കാരം വളർത്തുന്നതിനും ഈ മേഖലയിൽ പണിയെടുക്കുന്നവരുടെ, പ്രത്യേകിച്ച് സ്ത്രീ കളുടെ സാമ്പത്തികവും സാമൂഹികവുമായ ശാക്തീകരണത്തിനും ഈ പദ്ധതി ഒട്ടുവളരെ സംഭാവനകൾ നൽകിവരുന്നു. നടപ്പുവർഷം ബ്ലോക്ക് പ്രദേശത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളും പദ്ധതി പ്രവർത്തനം കാര്യക്ഷമമായി നടപ്പാക്കുന്നതാണ്.

**അടുത്ത സാമ്പത്തിക വർഷത്തെ ലേബർ ബഡ്ജറ്റ് ചുവടെ ചേർക്കുന്നു.**

### Labour Budget 2026-27

| SLNo. | GramaPanchayat | Mandays (in lakhs) | Wages ( in lakhs) | Material ( in lakhs) | Total |
|---|---|---|---|---|---|
| 1 | Melukavu | 25278 | 93.28 | 62.18 | 155.46 |
| 2 | Moonnilavu | 35000 | 129.15 | 86.10 | 215.25 |
| 3 | Poonjar | 32000 | 118.08 | 78.72 | 196.80 |
| 4 | PoonjarThekekara | 34000 | 125.46 | 83.64 | 209.10 |
| 5 | Tekkoy | 23660 | 87.31 | 58.20 | 145.51 |
| 6 | Thalandu | 26064 | 96.18 | 64.12 | 160.29 |
| 7 | Thalappalam | 34000 | 125.46 | 83.64 | 209.10 |
| 8 | Thidandu | 35400 | 130.63 | 87.08 | 217.71 |
| | **Total** | **245402** | **905.53** | **603.69** | **1509.22** |

**ഉപസംഹാരം**

ഈരാറ്റുപേട്ട ബ്ലോക്ക് പ്രദേശത്തിന്റെ സമഗ്രമായ പുരോഗതിക്ക് ഉതകുന്ന പദ്ധതികൾക്ക് രൂപം നൽകികൊണ്ട്, നാടിന്റെ വികസന സാദ്ധ്യതകൾക്കും, പൊതുജനാവശ്യങ്ങൾക്കും പ്രാമുഖ്യം നൽകി, മാതൃകാപരമായ ഫണ്ട് വിനിയോഗത്തിലൂടെ അടുത്ത പദ്ധതി നിർവ്വഹണത്തിന് അടിത്തറ ഒരുക്കുന്നതിന് ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് പ്രതിജ്ഞാ ബദ്ധമാണ്. ഭരണസമിതിയും പുനഃസംഘടിപ്പിക്കപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളും ഉൾപ്പെടെയുള്ള ഘടകങ്ങളും ഇതര തദ്ദേശഭരണസംവിധാനങ്ങളും ഉദ്യോഗസ്ഥരും ഒരേ മനസ്സോടെ നാടിന്റെ നന്മയ്ക്കുവേണ്ടി കൈകോർക്കുന്നതിലാണ് നമ്മുടെ വിജയം.

സംസ്ഥാനത്തെ  മികച്ച ബ്ലോക്ക് പഞ്ചായത്ത് എന്ന അംഗീകാരത്തിലേക്ക് ചുവട് വയ്ക്കുന്നതിന് ഈ ഭരണസമിതിയുടെ പ്രവർത്തനങ്ങളോട് സഹകരിക്കുന്ന എല്ലാവരോടും നന്ദി പ്രകാശിപ്പിച്ചുകൊണ്ട്

| | | |
|---|---|---|
| പ്രാരംഭ ബാക്കി | : | 2,55,529/- |
| വരവ് | : | 33,12,04,624/- |
| ആകെ വരവ് | : | 33,14,60,153/- |
| ചെലവ് | : | 33,01,30,744/- |
| നീക്കീബാക്കി | : | 13,29,409/- |

രൂപയും പ്രതീക്ഷിക്കുന്ന 2026-27 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**മേഴ്സി മാത്യൂ**
വൈസ് പ്രസിഡന്റ് &
ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ
ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത്

ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത്
07.02.2026

# Erattupetta Block Panchayath

**Form 1**

## 2026-2027 NEW BUDGET

| Sl. No | HEAD OF ACCOUNTS | BUDGET FOR 2025-2026 | BUDGET FOR 2026-2027 |
|---|---|---|---|
| | **Opening Balance** | **11261481** | **255529** |
| | **Revenue Receipt - 1** | | |
| | **Fees and User Charges - 140** | | |
| 1 | 1401401 Fees under RTI Act | 2000 | 3000 |
| 2 | 1402001 Penal Interest | 0 | 1000 |
| 3 | 1402003 Other Penalities and Fines | 100000 | 150000 |
| | **Total Fees and User Charges** | **102000** | **154000** |
| | **Sale and Hire Charges - 150** | | |
| 4 | 1501101 Receipts from Sale of Forms | 400000 | 0 |
| 5 | 1501102 Receipts from Sale of Tender Forms | 600000 | 600000 |
| 6 | 1501202 Receipts from Sale of Scrap | 200000 | 300000 |
| 7 | 1501203 Receipts from auction of obsolete assets | 300000 | 300000 |
| 8 | 1503001 Receipts from Miscellaneous Sales | 345000 | 345000 |
| | **Total Sale and Hire Charges** | **1845000** | **1545000** |
| | **Revenue Grants, Contributions and Subsidies - 160** | | |
| 9 | 1601017 Fund for Transferred Functions/ Schemes - Financial Help for Intercaste Marriages | 0 | 150000 |

| | | | |
|---|---|---|---|
| 10 | 1601023 General Purpose Fund | 8867000 | 9506000 |
| | **Total Revenue Grants, Contributions and Subsidies** | **8867000** | **9656000** |
| | **Interest Earned - 171** | | |
| 11 | 1711001 Interest from Bank Accounts | 75000 | 85000 |
| | **Total Interest Earned** | **75000** | **85000** |
| | **Other Income - 180** | | |
| 12 | 1808099 Miscellaneous Receipts | 0 | 20000 |
| | **Total Other Income** | 0 | **20000** |
| | **Rental Income - LB Properties - 130** | | |
| 13 | 1302003 Rent from Buildings | 480000 | 500000 |
| 14 | 1304001 Rent from Lease of Lands | 30000 | 35000 |
| | **Total Rental Income** | 510000 | 535000 |
| | **Total Revenue Receipt** | **11399000** | **11995000** |
| | **Capital Receipt - 2** | | |
| | **Grants, Contribution for Specific Purposes - 320** | | |
| 15 | 3201004 Central Finance Commission Grant - Tied | 8127470 | 8127470 |
| 16 | 3201005 Central Finance Commission Grant - Untied | 4913154 | 4913154 |
| 17 | 3201011 Prime Minister S Awas Yojana (PMAY) - General | 5640000 | 21600000 |
| 18 | 3201013 Prime Minister'S Awas Yojana (S.C.P) | 1560000 | 1920000 |
| 19 | 3201014 Prime Minister'S Awas Yojana (T.S.P) | 600000 | 1200000 |

| | | | |
|---|---|---|---|
| 20 | 3201023 Member Of Parliament Local And Development Scheme | 27500000 | 30000000 |
| 21 | 3201035 Total Sanitation Campaign | 4620000 | 0 |
| 22 | 3201044 Mahatma Gandhi National Rural Employment Scheme (MGNREGS) | 90543000 | 120000000 |
| 23 | 3202001 Development Fund - General | 26611146 | 33820000 |
| 24 | 3202002 Development Fund - Special Component Plan | 7143771 | 4912000 |
| 25 | 3202003 Development Fund - Tribal Sub-Plan | 3838000 | 3989000 |
| 26 | 3202007 Development Fund- Road Renovation Additional Fund | 4000000 | 0 |
| 27 | 3202010 Maintenance Fund - Non-Road Assets | 4783200 | 4364000 |
| 28 | 3202017 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Local Area Development Fund For Members Of Legislative Assembly | 0 | 10000000 |
| 29 | 3202024 Flood Relief Grant | 2350000 | 10000000 |
| 30 | 3202031 Grant for Keralotsavam | 10000 | 100000 |
| 31 | 3202037 Other Revenue Grants | 150000 | 0 |
| 32 | 3202040 Grant for Solid Waste Management | 12500000 | 0 |
| 33 | 3203001 Grant from Other Government Agencies | 50000 | 0 |
| 34 | 3208010 Beneficiary Contribution | 950200 | 0 |
| 35 | 3209001 Contribution to Joint Venture Projects from District Panchayat | 36728200 | 19264000 |

| | | | |
|---|---|---|---|
| 36 | 3209002 Contribution to Joint Venture Projects from Block Panchayat | 5000000 | 0 |
| 37 | 3209003 Contribution to Joint Venture Projects from Grama Panchayat | 25870000 | 12540000 |
| | **Total Grants, Contribution for Specific Purposes** | **273488141** | **317649624** |
| | **Deposits Received - 340** | | |
| 38 | 3401002 Security Deposit | 150000 | 150000 |
| 39 | 3401003 Retention | 400000 | 400000 |
| 40 | 3402006 Election Deposit(Candidate) | 178000 | 0 |
| | **Total Deposits Received** | **728000** | **550000** |
| | **Other Liabilities - 350** | | |
| 41 | 3502018 Recoveries Payable-Audit Recovery | 10000 | 10000 |
| | **Total Other Liabilities** | **10000** | **10000** |
| | **Redemption - 431** | | |
| 42 | 4315002 Receivables from Government (redemption amount) | 4185243 | 0 |
| | **Total Redemption** | **4185243** | **0** |
| | **Loans, Advances and Deposits - 460** | | |
| 43 | 4605005 Advance to Mahatma Gandhi NREGS/ AUEGS | 1000000 | 1000000 |
| | **Total Loans, Advances and Deposits** | **1000000** | **1000000** |
| | **Total Capital Receipt** | **279411384** | **319209624** |
| | **Revenue Expenditure - 3** | | |
| | **Establishment Expenses - 210** | | |

| | | | |
|---|---|---|---|
| 44 | 2101004 Salaries - Contract Staff | 285000 | 300000 |
| 45 | 2101007 Salaries - Part time Contingent Staff | 100000 | 0 |
| 46 | 2101101 Wages | 275000 | 285000 |
| 47 | 2101501 Festival Allowance | 0 | 15000 |
| 48 | 2102003 Travelling Allowances - Permanent Staff | 20000 | 20000 |
| 49 | 2102004 Travelling Allowances - Temporary Staff | 10000 | 10000 |
| 50 | 2102014 Monthly Honorarium and Sitting Allowance -Councillors/ Members | 1750000 | 3500000 |
| 51 | 2102017 Festival Allowance | 10670 | 0 |
| 52 | 2102019 Travelling Expense of Chairperson/ President, Deputy Chairperson/ Vice President, Chairperson and Councillors/ members | 150000 | 100000 |
| 53 | 2102020 Telephone Allowance - Secretary | 6500 | 3120 |
| 54 | 2102021 Telephone Allowance - Mayor/ Chairperson/ President | 6000 | 6000 |
| 55 | 2102022 Telephone Allowance - Deputy Mayor/ Vice Chairperson/ Vice President | 0 | 6000 |
| | **Total Establishment Expenses** | **2613170** | **4245120** |
| | **Administrative Expenses - 220** | | |
| 56 | 2201003 Other Taxes/ Duties | 20000 | 25000 |
| 57 | 2201101 Office Electricity Expenses | 100000 | 200000 |
| 58 | 2201199 Other Office Maintenance Expenses | 100000 | 50000 |

| | | | |
|---|---|---|---|
| 59 | 2201201 Telephone Expenses/ Internet Charges | 60000 | 65000 |
| 60 | 2201202 Postage Expenses | 10000 | 15000 |
| 61 | 2202001 Books & Periodicals | 30000 | 25000 |
| 62 | 2202101 Printing & Stationery | 100000 | 100000 |
| 63 | 2204001 Insurance | 30000 | 0 |
| 64 | 2204002 Insurance - Vehicles | 0 | 30000 |
| 65 | 2205101 Miscellaneous Legal Expenses | 30000 | 10000 |
| 66 | 2205201 Professional & Other Fees | 30000 | 30000 |
| 67 | 2206001 Newspaper Advertisement Charges | 50000 | 35000 |
| 68 | 2206002 Keralolsavam Expenses | 150000 | 100000 |
| 69 | 2206101 Membership & Subscriptions | 50000 | 10000 |
| 70 | 2208001 Festival Expenses | 50000 | 30000 |
| 71 | 2208002 Workshops and Seminars | 10000 | 20000 |
| 72 | 2208005 Donations And Contributions As Per Government Order | 100000 | 100000 |
| 73 | 2208099 Miscellaneous Administration Expenses | 375000 | 400000 |
| | **Total Administrative Expenses** | **1295000** | **1245000** |
| | **Operation and Maintenance - 230** | | |
| 74 | 2301002 Fuel Charges | 350000 | 400000 |
| 75 | 2304001 Vehicle Hire Charges | 25000 | 15000 |
| 76 | 2305301 Repairs & Maintenance - Vehicles | 200000 | 150000 |

| | | | |
|---|---|---|---|
| 77 | 2305902 Repairs & Maintenance - Office Equipments | 200000 | 200000 |
| 78 | 2305909 Other Repairs & Maintenance | 0 | 50000 |
| 79 | 2308013 Sanitation Expenses | 150000 | 20000 |
| 80 | 2308201 Refreshment Charges | 200000 | 250000 |
| | **Total Operation and Maintenance** | **1125000** | **1085000** |
| | **Programe Expenses - 250** | | |
| 81 | 2502001 Expenditure on Poverty Eradication Program | 90543000 | 150900000 |
| | **Total Programe Expenses** | **90543000** | **150900000** |
| | **Expenses Related to Productive Sector - 251** | | |
| 82 | 2510104 Agriculture - Vegetables | 200000 | 0 |
| 83 | 2510210 Animal Husbandry - Disease Control | 1500000 | 0 |
| 84 | 2510305 Dairy Development - Milk Incentives | 4050400 | 0 |
| 85 | 2510614 Market Promotion | 466775 | 0 |
| 86 | 2510801 Soil Conservation | 782160 | 0 |
| 87 | 2510803 Flood Relief Activities | 3725611 | 0 |
| 88 | 2511301 Self Employment and Marketing Promotion | 3488960 | 0 |
| | **Total Expenses Related to Productive Sector** | **14213906** | **0** |
| | **Expenses Related to Service Sector - 252** | | |
| 89 | 2520103 High School Education | 1130000 | 0 |

| | | | |
|---|---|---|---|
| 90 | 2520104 Higher Secondary Education | 880000 | 0 |
| 91 | 2520107 Education-Related Activities | 4762923 | 0 |
| 92 | 2520502 Arts,Culture,Sports and Youth Welfare-Infrastructure | 800000 | 0 |
| 93 | 2520503 Arts,Culture,Sports and Youth Welfare-Promotion | 150000 | 0 |
| 94 | 2520602 Health related Programs | 817000 | 0 |
| 95 | 2520618 Medical Institution - Allopathy | 5103766 | 0 |
| 96 | 2520702 Drinking Water - Public | 1500363 | 0 |
| 97 | 2520801 Housing & House Electrification - Individual | 73781905 | 0 |
| 98 | 2520802 Housing & House Electrification - Construction/Purchase by Local Government | 500000 | 0 |
| 99 | 2520903 Women Welfare | 150000 | 0 |
| 100 | 2520904 Welfare of the Aged | 500000 | 0 |
| 101 | 2520906 Welfare Programs for Physically/ Mentally Challenged | 1500000 | 0 |
| 102 | 2521203 Vocational Capacity Building - Related Activities | 500000 | 0 |
| 103 | 2521401 Electricity Line Extension | 1250000 | 0 |
| 104 | 2521601 Local Government Service Delivery Improvement | 50000 | 0 |
| 105 | 2521602 Payments to IKM | 44524 | 0 |
| 106 | 2521701 Allied Institution Service Delivery Improvement | 354572 | 0 |
| 107 | 2521903 Public Sanitation - Related Activities | 3271737 | 0 |

| | | | |
|---|---|---|---|
| 108 | 2521905 Toilet (Institution Level) | 1200000 | 0 |
| 109 | 2521906 Toilet (Public/Community Level) | 420000 | 0 |
| 110 | 2522001 Plan Formulation, Implementation and Monitoring | 115647 | 0 |
| 111 | 2522201 Disaster Management - Related Services | 100000 | 0 |
| 112 | 2522902 Contribution to KILA Corpus Fund | 300000 | 0 |
| | **Total Expenses Related to Service Sector** | **99182437** | **0** |
| | **Expenses Related to Infrastructure Sector - 253** | | |
| 113 | 2530201 Roads | 2255000 | 10000000 |
| 114 | 2530302 Public Buildings - Other Buildings | 830800 | 0 |
| 115 | 2530501 Vehicle Rent for Engineering Wing | 383200 | 0 |
| | **Total Expenses Related to Infrastructure Sector** | **3469000** | **10000000** |
| | **Expenses related to State Sponsored Schemes - 254** | | |
| 116 | 2540106 Financial Assistance for Intercaste marriage | 0 | 150000 |
| | **Total Expenses related to State Sponsored Schemes** | **0** | **150000** |
| | **Total Revenue Expenditure** | **212441513** | **167625120** |
| | **Capital Expenditure - 4** | | |
| | **Payment of Recoveries - 350** | | |
| 117 | 3502007 Recoveries Payable - Court Attachments | 150000 | 0 |

| | | | |
|---|---|---|---|
| 118 | 3502025 Recoveries Payable - Income Tax Deducted at Source | 2500 | 0 |
| 119 | 3502026 Recoveries Payable - Kerala Construction Workers Welfare Fund | 2000 | 0 |
| 120 | 3503005 Government and Other Dues Payable-TDS - CGST | 50000 | 0 |
| 121 | 3503006 Government and Other Dues Payable-TDS - SGST | 50000 | 0 |
| | **Total Payment of Recoveries** | 254500 | 0 |
| | **Fixed Assets - 410** | | |
| 122 | 4101001 Land | 3000000 | 0 |
| 123 | 4101008 Public well | 862202 | 0 |
| 124 | 4102002 Administrative Buildings | 750000 | 0 |
| 125 | 4102005 Hospital Buildings | 2031787 | 0 |
| 126 | 4102008 School Buildings | 1680000 | 0 |
| 127 | 4102011 Public Comfort Stations | 1096418 | 0 |
| 128 | 4102016 Other Buildings | 500000 | 10000000 |
| 129 | 4102019 Free Style Open Gym | 200000 | 0 |
| 130 | 4103001 Concrete Roads | 5142379 | 0 |
| 131 | 4103002 Black Topped Roads | 2188679 | 0 |
| 132 | 4103003 Interlocked Roads | 155000 | 0 |
| 133 | 4103004 Footpath | 250000 | 0 |
| 134 | 4103008 Bridges | 225000 | 0 |
| 135 | 4103099 Other Constructions | 34020851 | 30000000 |
| 136 | 4104001 Plant & Machinery | 1792168 | 0 |
| 137 | 4106002 Computers, Printers & Peripherals | 735600 | 0 |

| | | | |
|---|---|---|---|
| 138 | 4107001 Furniture, Fixtures, Fittings & Electrical Appliances | 1700000 | 0 |
| 139 | 4108001 Other Fixed Assets | 22177500 | 0 |
| | **Total Fixed Assets** | **78507584** | **40000000** |
| | **Loans, Advances and Deposits - 460** | | |
| 140 | 4605005 Advance to Mahatma Gandhi NREGS/ AUEGS | 1000000 | 1000000 |
| | **Total Loans, Advances and Deposits** | **1000000** | **1000000** |
| | **Total Capital Expenditure** | **79762084** | **41000000** |
| | **Total Receipts** | **290810384** | **331460153** |
| | **Total Expenditure** | **292203597** | **208625120** |
| | **Balance** | **9868268** | **122835033** |
| | **Expenditure Earmarked for Plan 2026-27** | | **121505624** |
| | **BALANCE** | | **1329409** |

# വാർഷിക പദ്ധതി 2026-27 പ്രോജക്ടുകളും അവയുടെ വിശദാംശങ്ങളും

| Sl No | Project No | Project Name | GENARAL | SCP | TSP | OWN FUND | CENTRAL | BEN: CONTRIBUTON | GP | DP | MG NON ROAD | TOTAL |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 1 | സ്ഥിരം കൃഷിക്ക് കൂലി ചെലവ് സബ്സിഡി | 1600000 | | | | | | | | | 1600000 |
| 2 | 3 | കേരളോൽസവം | | | | 150000 | | | | | | 150000 |
| 3 | 4 | എസ്ടി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം | | | 1600000 | | | | | | | 1600000 |
| 4 | 5 | എഡിഎ ഓഫീസിനു ദൈനംദിന ചെലവുകൾ | | | | | | | | | 50000 | 50000 |
| 5 | 6 | ഐ കെ എം വിഹിതം നൽകൽ | 50000 | | | | | | | | | 50000 |
| 6 | 7 | ഐ സി ഡി എസ് ഓഫീസിലെ ദൈനം ദിന ചിലവുകൾ | | | | | | | | | 75000 | 75000 |
| 7 | 8 | 2026-27 ഐസിഡിഎസ് ഓഫീസ് നവീകരണം | | | | | | | | | 600000 | 600000 |
| 8 | 9 | 2026 27 വളതൂക്ക് ഡിവിഷൻ പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത് മങ്കുഴിക്കുഴിങ്കുന്ന് പയ്യാനിത്തോട്ടം റോഡ് നിർമ്മാണം | 600000 | | | | | | | | | 600000 |
| 9 | 10 | 2026 27 മേലുകാവ് ഡിവിഷൻ മേലുകാവ് ഗ്രാമപഞ്ചായത്ത് മേലുകാവ്മറ്റം കളപ്പുര റോഡ് നവീകരണം | 600000 | | | | | | | | | 600000 |
| 10 | 11 | പദ്ധതി രൂപീകരണം മോണിട്ടറിങ്ങ് ചെലവുകൾ | 400000 | | | | | | | | | 400000 |
| 11 | 12 | ഭിന്നശേഷിക്കാരായ കുട്ടികളുടെ സ്കോളർഷിപ്പ് വിതരണം ഗ്രാമ പഞ്ചായത്തുകൾക്ക് ഷെയർ നൽകൽ | 1500000 | | | | | | | | | 1500000 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 12 | 13 | 2026 27 തിടനാട് ഡിവിഷൻ ചൊള്ളുംമ്പുറം ഐക്കരക്കുന്ന് കുളത്തിക്കുനി റോഡ് നവീകരണം തിടനാട് ഗ്രാമപഞ്ചായത്ത് | 600000 | | | | | | | | | 600000 |
| 13 | 14 | 2026 27 കൊണ്ടൂർ ഡിവിഷൻ തിടനാട് ഗ്രാമപഞ്ചായത്ത് എട്ടാംമൈൽ ചാണകകോളനി പാക്കയം റോഡ് നവീകരണം | 600000 | | | | | | | | | 600000 |
| 14 | 15 | 2026 27 കളത്തുക്കടവ് ഡിവിഷൻ കൈലാസമറ്റം പട്ടിക്കുന്ന് പാറ റോഡ് മെയിന്റ്നൻസ് മേലുകാവ് ഗ്രാമപഞ്ചായത്ത് | 600000 | | | | | | | | | 600000 |
| 15 | 16 | 2026-27 പൂഞ്ഞാർ ഡിവിഷൻ പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് തുണ്ടത്തിൽവാതിൽ നടയ്ക്കൽ റോഡ് നവീകരണം | 600000 | | | | | | | | | 600000 |
| 16 | 17 | 2026 -27 മൂന്നിലവ് ഡിവിഷൻ കടവുപുഴ ചക്കിക്കാവ് റോഡ് നവീകരണം മൂന്നിലവ് ഗ്രാമപഞ്ചായത്ത് | 600000 | | | | | | | | | 600000 |
| 17 | 18 | 2026 27 പ്ലാശ്ശനാൽ ഡിവിഷൻ തേവർപാടം വലിയകാവുംപുറം റോഡ് നവീകരണം തലപ്പലം ഗ്രാമപഞ്ചായത്ത് | 600000 | | | | | | | | | 600000 |
| 18 | 19 | പ്രധാനമന്ത്രി ആവാസ് യോജന ഗ്രാമീൺ ജനറൽ | 10000000 | | | | 21600000 | | 10220000 | 16366000 | | 58186000 |
| 19 | 20 | 2026 27 തലപ്പലം ഡിവിഷൻ ഇളപ്പൂങ്കൽ അംഗൻവാടിക്ക് സമീപം കുളിക്കടവ് നിർമ്മാണം തലപ്പലം ഗ്രാമപഞ്ചായത്ത് | 600000 | | | | | | | | | 600000 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 20 | 21 | 2026 27 തീക്കോയി ഡിവിഷൻ മാടത്താനി മലമേൽ കുടിവെള്ള പദ്ധതി പുനരുദ്ധാരണം തീക്കോയി ഗ്രാമപഞ്ചായത്ത് | | | 600000 | | | | | | | 600000 |
| 21 | 22 | 2026 27 കല്ലേക്കുളം ഡിവിഷൻ അടിവാരം നാല് സെന്റ് കോളനി റോഡ് നവീകരണം പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത് | 600000 | | | | | | | | | 600000 |
| 22 | 23 | 2026 27 പിണ്ണാക്കനാട് ഡിവിഷൻ ഇരുപ്പക്കാവ് കോളനി നവീകരണം | | 600000 | | | | | | | | 600000 |
| 23 | 24 | 2026 27 തലനാട് ഡിവിഷൻ തറക്കുന്നേൽ റോഡ് നവീകരണം തലനാട് ഗ്രാമപഞ്ചായത്ത് | | 600000 | | | | | | | | 600000 |
| 24 | 25 | 2026 27 എൽഐഡി ഇ ഡബ്ലു സബ് ഡിവിഷൻ ഓഫീസ് ദൈനം ദിന ചിലവ് | | | | | | | | | 200000 | 200000 |
| 25 | 26 | 2026 27 എൽഐഡി ഇ ഡബ്ലു സബ് ഡിവിഷൻ ഓഫീസ് വാഹനം വാടകയ്ക്ക് എടുക്കൽ | 400000 | | | | | | | | | 400000 |
| 26 | 27 | ദുരന്ത നിവാരണ ബോധവൽക്കരണ പ്രവർത്തനങ്ങൾ | 100000 | | | | | | | | | 100000 |
| 27 | 28 | വിജ്ഞാന കേരളം ക്യാമ്പയിൻ പ്രവർത്തനങ്ങൾ | 600000 | | | | | | | | | 600000 |
| 28 | 29 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിലെ ദൈനംദിന ചെലവുകൾ | | | | | | | | | 25000 | 25000 |
| 29 | 30 | പ്രധാനമന്ത്രി ആവാസ് യോജന ഗ്രാമീൺ എസ്സിപി | | 2112000 | | | 1920000 | | 1120000 | 1568000 | | 6720000 |
| 30 | 31 | പ്രധാനമന്ത്രി ആവാസ് യോജന ഗ്രാമീൺ ടി എസ് പി | | | 1520000 | | 1200000 | | 1200000 | 1330000 | | 5250000 |
| 31 | 32 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേയ്ക്ക് പുതിയ വാഹനം വാങ്ങൽ | | | | 1300000 | | | | | | 1300000 |
| 32 | 33 | സെക്കണ്ടറി പാലിയേറ്റീവ് കെയര് | 1000000 | | | | | | | | | 1000000 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 33 | 34 | പാലിയേറ്റീവ് കെയര് ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നാൽകൽ | 1000000 | | | | | | | | | 1000000 |
| 34 | 35 | ഇടമറുക് സാമൂഹിക ആരോഗ്യ കേന്ദ്രം ദൈനംദിന ചിലവുകൾ | | | | | | | | | 300000 | 300000 |
| 35 | 36 | ഇടമറുക് സാമൂഹിക ആരോഗ്യകേന്ദ്രം പ്രൊജെക്റ്റ് ജീവനക്കാരുടെ ശമ്പളം | 300000 | | | | | | | | | 300000 |
| 36 | 37 | ഇടമറുക് സാമൂഹിക ആരോഗ്യകേന്ദ്രത്തിലേക്ക് മരുന്നും മെഡിക്കൽ ഉപകരണങ്ങളും വാങ്ങൽ | | | | | | | | | 1664000 | 1664000 |
| 37 | 38 | ഇടമറുക് സാമൂഹികാരോഗ്യകേന്ദ്രം ഗുരുതര കിഡ്നി രോഗബാധിതർ ക്യാൻസർ രോഗികൾ എന്നിവർക്ക് മരുന്നും മെഡിക്കൽ ഉപകരണങ്ങളും അനുബന്ധ സാമഗ്രികളും വാങ്ങി നൽകലും ചിലവുകളും | 1003200 | | | | | | | | 700000 | 1703200 |
| 38 | 39 | ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് ഐഎസ്ഒ തുടർ പ്രവർത്തനങ്ങൾ | 100000 | | | | | | | | | 100000 |
| 39 | 40 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് ഭൌതീക സാഹചര്യം മെച്ചപ്പെടുത്തൽ | 400000 | | | | | | | | | 400000 |
| 40 | 41 | ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളുകളുടെ നവീകരണവും ഭൌതീക സാഹചര്യം മെച്ചപ്പെടുത്തലും | 800000 | | | | | | | | | 800000 |
| 41 | 42 | ഐസിഡിഎസ് ഓഫീസിലേയ്ക്ക് ഫർണീച്ചർ വാങ്ങൽ | | | | | | | | | 500000 | 500000 |
| 42 | 43 | സ്റ്റുഡൻസ് പോലീസ് കേഡറ്റ് പദ്ധതി ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 50000 | | | | | | | | | 50000 |
| 43 | 44 | പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പഠനമുറി | | 1600000 | | | | | | | | 1600000 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 44 | 45 | പാതാമ്പുഴ ഡിവിഷൻ പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്ത് പെരുകുന്നുമല വാഴേക്കാട് തൈനി റോഡ് നവീകരണം ഗ്രാമപഞ്ചാ യത്ത്ന് വിഹിതം നൽകൽ | 300000 | | | | | | | | | 300000 |
| 45 | 46 | പാതാമ്പുഴ ഡിവിഷൻ പൂഞ്ഞാർ തെക്കേക്കര ഗ്രാമ പഞ്ചായത്ത് കടലാടിമറ്റം പൊറ്റൻകുടി നരിക്കുഴിപറമ്പ് റോഡ് നവീകരണം ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ | 64000 | | | 236000 | | | | | | 300000 |
| 46 | 47 | ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ | 100000 | | | | | | | | | 100000 |
| 47 | 48 | സ്വയം തൊഴിൽ വനിതാ ഗ്രൂപ്പ് സംരംഭങ്ങൾക്ക് ധനസഹായം | 2400000 | | | | | | | | | 2400000 |
| 48 | 49 | കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണന സംവിധാനത്തിന് ധനസഹായം | 800000 | | | | | | | | | 800000 |
| 49 | 50 | എഡിഎ ഓഫീസ് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | | | | | | | | | 200000 | 200000 |
| 50 | 51 | ഗ്രൂപ്പുകൾക്ക് പച്ചക്കറി തൈ വിതരണം | 200000 | | | | | | | | | 200000 |
| 51 | 52 | മിനി ഡയറി ഫാം ആധുനികവൽക്കരണം | 800000 | | | | | 800000 | | | | 1600000 |
| 52 | 53 | കറവപശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 1200000 | | | | | 1700000 | | 500000 | | 3400000 |
| 53 | 54 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 916800 | | | | | | 2000000 | | | 2916800 |
| 54 | 55 | ഡയറി എക്റ്റൻഷൻ ഓഫീസിലെ ദൈനംദിന ചിലവുകൾ | | | | | | | | | 25000 | 25000 |
| 55 | 56 | തീറ്റപ്പുൽ കൃഷി വികസനം | 200000 | | | | | | | | | 200000 |
| | | | **3,22,84,000** | **49,12,000** | **37,20,000** | **16,86,000** | **2,47,20,000** | **25,00,000** | **1,45,40,000** | **1,97,64,000** | **43,39,000** | **10,84,65,000** |